മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കിടാരി സംരക്ഷണ പദ്ധതി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, പച്ചപ്പുല്ല്, മറ്റ് ഉല്പാദനോപാധികൾ എന്നിവ കർഷകർക്ക് നൽകിവരുന്നു. ഇതുകൂടാതെ National Dairy Plan-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village -Based Milk Procurement System (VBMPS) എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്.

ഇ-ലൈബ്രറികൾ

84 (3051) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക വികാസം സാംസ്കാരിക മേഖലയിൽ വേണ്ടത്ര തരത്തിൽ സ്വാധീനിച്ചിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ വികാസം സാംസ്കാരിക മേഖലയിൽ കൂടുതൽ സജീവമാക്കുന്നതിന് ഇ-ലൈബ്രറികൾ ജില്ലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇ-ലൈബ്രറികൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കലാകാര പെൻഷൻ

85 (3052) <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കലാകാര പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ.ഉ.(എംഎസ്.)49/99/സിഎഡി തീയതി 8-11-1999 പ്രകാരമാണ് കലാകാര പെൻഷനുവേണ്ട മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യം 9354/സി 3/2013/സിഎഡി നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം

86 (3053) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡോ. വയലാർ വാസുദേവൻ പിള്ള സ്മാരകത്തിന്റെ ഭാഗമായിട്ടുള്ള നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ഡോ. വയലാർ വാസുദേവൻ പിള്ള നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് മൻവർഷങ്ങളിൽ 20 ലക്ഷം രൂപ സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

87 (3054) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly